പെരിന്തൽമണ്ണ പി. എസ്. ക്രൈം നമ്പർ 766/04/യു/സി സസ്പിഷ്യസ് ഡെത്ത് കേസിൽ മരണപ്പെട്ട 40 വയസ്സുള്ള സ്തീയുടെ മൃതദേഹം പോസ്റ്റ്മാർട്ടം ചെയ്തതിൽ ടി സ്ത്രീയെ കഴുത്തിൽ കേബിളോ കേബിൾ പോലെയുള്ള മറ്റെന്തോ ഉപയോഗിച്ച് കഴുത്തിലിട്ട് മുറുക്കി കൊലപ്പെടുത്തിയിട്ടുള്ളതാണെന്ന് വ്യക്തമായിട്ടുള്ളതും പത്ര മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും മരണപ്പെട്ട സ്ത്രീയുടെ ഫോട്ടോ സഹിതം പരസ്യം ചെയ്യുകയും കേരളത്തിലെ എല്ലാ ഡി.സി.ആർ.ബി.-കളിലേക്കും ഫോട്ടോ സഹിതമുള്ള ക്രൈം കാർഡുകൾ അയച്ചും അന്വേഷണ സ്കാഡ് രൂപീകരിച്ച് കേരളം, തമിഴ്നാട് ഭാഗങ്ങളിൽ അന്വേഷിച്ചും, അന്വേഷണം നടത്തിവരുന്നതും മരണപ്പെട്ട സ്ത്രീ ആരാണെന്ന് നാളിതുവരെ അറിയാൻ കഴിഞ്ഞിട്ടില്ലാത്തതും 302 ഐ. പി. സി. പ്രകാരം വകുപ്പുമാറ്റം നടത്തിയിട്ടുള്ളതും കേസിന്റെ അന്വേഷണം നടത്തി വരുന്നതുമാണ്.

(ഡി) ഉണ്ട്. കൊളത്തൂർ പി. എസ്. ക്രൈം നമ്പർ 121/03 കേസിൽ പ്രതി ചണ്ണേൻ കുന്നൻ അബ്ദുൾ അസ്സീസ് മകൻ അബ്ദുൾ നാസറിനെ 26-8-2003-ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. പെരിന്തൽമണ്ണ പി. എസ്. ക്രൈം നമ്പർ 766/04 കേസിൽ മരണപ്പെട്ട സ്ത്രീ ഏതാണെന്ന് തിരിച്ചറിയുകയോ കൃത്യം ചെയ്ത പ്രതി ആരാണെന്ന് വ്യക്തമാവുകയോ ചെയ്തിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കേസ്സുകൾ

40 [814] ശ്രീ. എം. എം. ഹസ്സൻ :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. കെ. മുഹമ്മദാലി :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥൻമാർ ദളിതരെ പീഡിപ്പിച്ച എത്ര സംഭവങ്ങൾ 2000 ജനുവരി ഒന്നു മുതൽ നാളിതുവരെ ഉണ്ടായിട്ടുണ്ട് ;

(ബി) ഈ സംഭവങ്ങളിൽ എത്ര പേരുടെ പേരിൽ കേസ്സെടുത്തു ;

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാരെ പീഡിപ്പിച്ചതിന് എത്ര പേരുടെ പേരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി, സി) പോലീസ് ഉദ്യോഗസ്ഥർ ദളിതരെ പീഡിപ്പിച്ച മൂന്ന് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന്മേൽ മൂന്ന് കേസ്സുകൾ എടുക്കുകയും മൂന്നുപേരുടെ പേരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly